"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കാർഷികവികസന കർഷകക്ഷേമ വകപ്പ് ഡയറക്ടറേറ്റിലെ സെലക്ഷൻ ഗ്രേഡ് ഡ്രൈവർ ശ്രീ.സുരേഷ് കുമാർ.എസ്.-ന് സ്പെഷ്യൽ ഡിസെബിലിറ്റി ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി(ഫാംസ്) വകുപ്പ്**

സ.ഉ.(സാധാ) നം.76/2025/AGRI തീയതി,തിരുവനന്തപുരം, 03-02-2025

---

പരാമർശം:-
1. സ.ഉ(പി)നം.112/2017/ധന,തീയതി 04.08.2017.
2. കാർഷികവികസന കർഷക്ഷേമ വകുപ്പ് ഡയറക്ടറുടെ 10.05.2024-ലെ ഉത്തരവ് നമ്പർ ADFW/3931/2024-SH2 .
3. കാർഷികവികസന കർഷകക്ഷേമ വകപ്പ് ഡയറക്ടറേറ്റിലെ ഡ്രൈവർ(സെലക്ഷൻ ഗ്രേഡ്) ശ്രീ.സുരേഷ് കുമാർ.എസ് 10.01.2025-ൽ സമർപ്പിച്ച അപേക്ഷ.

**ഉത്തരവ്**

കാർഷികവികസന കർഷകക്ഷേമ വകപ്പ് ഡയറക്ടറേറ്റിലെ സെലക്ഷൻ ഗ്രേഡ് ഡ്രൈവറായ (നിലവിൽ കാർഷികോത്പാദന കമ്മീഷണറുടെ ഡ്രൈവറായി സേവനമനുഷ്ഠിക്കുന്ന) ശ്രീ.സുരേഷ് കുമാർ.എസ് ഔദ്യോഗിക ആവശ്യത്തിനായി ഓഫീസിലേയ്ക്ക് വരുന്ന വഴിയിൽ വച്ച് അപകടം സംഭവിച്ച് ചികിത്സയിലായിരുന്ന 16.03.2024 മുതൽ 16.07.2024 വരെയുള്ള 123 ദിവസകാലയളവ് കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം(2) പ്രകാരം പരിവർത്തിതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ജോലിയ്ക്കായി പോകുന്ന വഴിയ്ക്ക് സംഭവിച്ച അപകടം ആയതിനാൽ തനിക്ക് കെ.എസ്.ആർ പ്രകാരം Special Disability Leave ന് അർഹതയുണ്ടെന്നും പ്രസ്തുത സാഹചര്യത്തിൽ തനിയ്ക്ക് Special Disability Leave അനുവദിച്ച് നൽകണമെന്നും അഭ്യർത്ഥിച്ച് ശ്രീ.സുരേഷ് കുമാർ.എസ് പരാമർശം(3) പ്രകാരം സർക്കാർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാർ മേൽ വിഷയം പരാമർശം(1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനായുള്ള യാത്രയ്ക്കിടയിലാണ് അപകടം സംഭവിച്ചതെന്നതിനാൽ, കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് റദ്ദ്

ചെയ്യുന്നതിനു നിർദ്ദേശം നൽകി,ശ്രീ.സുരേഷ് കുമാർ.എസ് ഹാജരാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, മെഡിക്കൽ ഫിററ്നസ്സ് സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ, കാർഷികവികസന കർഷകക്ഷേമ വകപ്പ് ഡയറക്ടറേറ്റിലെ ഡ്രൈവർ (സെലക്ഷൻ ഗ്രേഡ്), ശ്രീ.സുരേഷ് കുമാർ.എസ്-ന് **16.036.2024** മുതൽ **16.07.2024** വരെയുള്ള **123** ദിവസങ്ങളിലേക്ക് പരാമർശം(1)-ലെ ഉത്തരവ് പ്രകാരം അനുവദനീയമായ കെ.എസ്.ആർ, ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ.മനോജ് കുമാർ
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.സുരേഷ് കുമാർ.എസ്, ഡ്രൈവർ(സെലക്ഷൻ ഗ്രേഡ്), കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം .
ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള,
തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sujanath V M
സെക്ഷൻ ഓഫീസർ
Date: 04-02-2025 10:46:43